"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3219/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 04/02/2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

# പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- 'പടവുകൾ'- 2022-23-അപേക്ഷ സമർപ്പിക്കുന്ന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് -സംബന്ധിച്ച്:

സൂചന:- ഈ കാര്യാലയത്തിലെ 12.12.2022 ലെ DWCD/3219/2022-WEC2 നം. പരിപത്രം

വകുപ്പിൽ നിന്നും വിധവകളുടെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മക്കളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ്സ് ഫീസ് എന്നിവയ്ക്ക് ധനസഹായം അനുവദിച്ചുവരുന്ന 'പടവുകൾ' എന്ന പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലേയ്ക്ക് സൂചന പ്രകാരം അപേക്ഷ ക്ഷണിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി അവസാനിച്ചിട്ടും, അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്ത വിദ്യാർത്ഥികളുടെ അന്വേഷണം തുടരുന്ന സാഹചര്യത്തിൽ പദ്ധതിയിക്കായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2023 ഫെബ്രുവരി 20 വരെ ദീർഘിപ്പിക്കുന്നു.

2023 ജനുവരി 31 വരെ ലഭിച്ച അപേക്ഷകളിൽ നിന്നും പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് അതത് ജില്ലാ വനിത ശിശു വികസന ഓഫീസർമാർ അടിയന്തിരമായി അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ടി പദ്ധതി സംബന്ധിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടിയും, അങ്കണവാടി പ്രവർത്തകർ മുഖേനെയും വ്യാപക പ്രചാരണം നൽകേണ്ടതാണ്. ICDS ഓഫീസുകളിൽ Pending/Active അപേക്ഷകളുണ്ടെങ്കിൽ പദ്ധതി മാനദണ്ഡപ്രകാരം അർഹതയുള്ള അപേക്ഷകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതും അല്ലാത്തവ Reject ചെയ്ത് ടി വിവരം അപേക്ഷകരെ ബോദ്ധ്യപ്പെടുത്തേണ്ടതും, പുനസമർപ്പിക്കുവാൻ കഴിയുന്നവയാണെങ്കിൽ അടിയന്തിരമായി പുനസമർപ്പിക്കുവാൻ

നിർദ്ദേശം നൽകേണ്ടതുമാണ്.

ശിശു വികസന പദ്ധതി ഓഫീസർമാർ/ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ എന്നിവരുടെ അനാസ്ഥയാൽ ഏതെങ്കിലും ഗുണഭോക്താവിന് ധനസഹായം ലഭ്യമാകാതെ വന്നാൽ ആയത് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ/ജില്ലാ വനിതാ ശിശു വികസന ഓഫീസർ എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി.

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ